കണ്ണൂർ സർവ്വകലാശാല

(സിംഗിൾ വിൻഡോ അഡ്മിഷൻ സെൽ)

നം.അക്കാദ് SWS/532/2018 തീയ്യതി: 23/06/2018

## <u>പ്രസിദ്ധീകരണത്തിന്</u>

## <u>യു.ജി രണ്ടാം അലോട്ട്മെന്റ്</u>

യു.ജി പ്രവേശനത്തിനുള്ള രണ്ടാം അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ സർവ്വകലാശാല ഫീസ് **SBI Collect** മുഖാന്തരം മാത്രം ഫീസടച്ച വിവരങ്ങൾ . http://cap.kannuruniversity.ac.in എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് **ജൂൺ 24ന്** (**ഞായറാഴ്ച**) **വൈകുന്നേരം 5മണിക്കു** മുൻപായി അപ് ലോഡ് ചെയ്യേണ്ടതാണ്.അല്ലാത്ത പക്ഷം ലഭിച്ച അലോട്ട്മെന്റ് റദ്ദാകുന്നതായിരിക്കും.ഒന്നാം അലോട്ട്മെന്റിൽ അലോട്ട്മെന്റ് ലഭിച്ച് സർവ്വകലാശാലാ ഫീസടച്ചവർ വീണ്ടും ഫീസ് അടക്കേണ്ടതില്ല.

## <u>ബിരുദ പ്രവേശനം- മൂന്നാം അലോട്ട്മെന്റ് ജൂൺ 25</u>

ബിരുദ ഏകജാലക പ്രവേശനത്തിനുള്ള മൂന്നാം അലോട്ട്മെന്റ് **<u>ജൂൺ 25</u>**ന് വൈകുന്നേരം 5മണിക്ക് പ്രസിദ്ധീകരിക്കും.അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ സർവ്വകലാശാലാ ഫീസ് **SBI Collect** മുഖാന്തിരം മാത്രം അടച്ച് ഫീസടച്ച വിവരങ്ങൾ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് **ജൂൺ 30ന് വൈകുന്നേരം 5മണിക്കു** മുൻപായി അപ് ലോഡ് ചെയ്യേണ്ടതാണ്.അല്ലാത്തപക്ഷം ലഭിച്ച അലോട്ട്മെന്റ് റദ്ദാകുന്നതായിരിക്കും. **<u>ഒന്ന്,രണ്ട്,മൂന്ന് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടച്ച് ഫീസ് ഒടുക്കിയ വിവരങ്ങൾ അപ് ലോഡ് ചെയ്ത വിദ്യാർത്ഥികൾവീണ്ടും ഫീസ് അടക്കേണ്ടതില്ല.</u>**

## <u>കോളേജ് പ്രവേശനം</u>

ഒന്ന്,രണ്ട്, മൂന്ന് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ജൂൺ 26,27,28,29,30 തീയ്യതികളിൽ അതാത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.അലോട്ട്മെന്റ് മെമ്മോ വെബ്സൈറ്റിൽ നിന്നും ലഭ്യമാകുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട്, അലോട്ട്മെന്റ് മെമ്മോ, ഫീസ് അടച്ച വിവരങ്ങൾ അടങ്ങിയ പ്രിന്റൗട്ടുകൾ,യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, സംവരണ സംബന്ധമായ മറ്റ് രേഖകൾ(നേറ്റിവിറ്റി, കമ്മ്യൂണിറ്റി, നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് മുതലായവ)വെയ്റ്റേജ് അനുവദിക്കുന്നതിനാവശ്യമായ രേഖകൾ (എൻ.എസ്.എസ്/ എൻ.സി.സി, എക്സ് സർവ്വീസ്മെൻ മുതലായവ), എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവ സഹിതം അതാത് കോളേജുകളിൽ ഹാജരാകേണ്ടതാണ്.

സയൻസ് വിഷയങ്ങൾക്ക് **ജൂൺ 26,27** തീയ്യതികളിലും, കൊമേഴ്സ് വിഷയങ്ങൾക്ക് **ജൂൺ**28നും,ആർട്സ്, ലാംഗ്വേജ് വിഷയങ്ങൾക്ക് **ജൂൺ 29,30** തീയ്യതികളിലുമാണ് പ്രവേശനത്തിനായി കോളേജുകളിൽ ഹാജരാകേണ്ടത്.

## താത്ക്കാലിക പ്രവേശനം

ഹയർ ഓപ്ഷൻ നിലനിർത്തുന്നവർക്ക് ആവശ്യമെങ്കിൽ താത്ക്കാലിക പ്രവേശനം നേടാവുന്നതാണ്.ഇതിനായി അവർ സർട്ടിഫിക്കറ്റുകളെല്ലാം ഇപ്പോൾ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരാക്കി പ്രവേശനം ഉറപ്പുവരുത്തേണ്ടതാണ്.ഇത്തരം വിദ്യാർത്ഥികൾ മറ്റു ഫീസുകൾ അടക്കേണ്ടതില്ല. അടുത്ത അലോട്ട്മെന്റുകളിൽ ഈ വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷൻ ലഭിക്കുകയാണെങ്കിൽ ഇപ്പോൾ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിന്നും സർട്ടിഫിക്കറ്റുകൾ തിരിച്ചുവാങ്ങി പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടാവുന്നതാണ്.താത്ക്കാലിക പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജുകൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.ഹയർ ഓപ്ഷൻ നിലവിലില്ലാത്ത എല്ലാ വിദ്യാർത്ഥികളും മുഴുവൻ ഫീസ് അടച്ച് അന്നു തന്നെ സ്ഥിരം പ്രവേശനം നേടേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് **0497 -2715261, 0497-2715284, 9446382340** എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഒപ്പ്/-

ജോയിന്റ്രജിസ്ട്രാർ(അക്കാദ്)